ഡി.എച്ച്.എസ്.-ന്റെ തപാൽ സെക്ഷനിലെ കാലതാമസം

16 (2484) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എച്ച്.എസ്.-ന്റെ പ്ലാനിംഗ് സെക്ഷനിൽ തപാൽ സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക ജീവനക്കാരനെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ 2015 സെപ്തംബർ 1 മുതൽ 30 വരെ പ്രസ്തുത സീറ്റിൽ ലഭിച്ച തപാലുകൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തപാൽ സെക്ഷനിൽ അവ സ്വീകരിച്ച തീയതിയും ബന്ധപ്പെട്ട സെക്ഷനിലേക്ക് ആയത് നമ്പരിട്ട് നൽകിയ തീയതിയും വിശദമാക്കുമോ;

(ഡി) CE/BL/PL3/MLPM/PR/1012/15 എന്ന നമ്പരുള്ള തപാൽ പ്രസ്തുത സെക്ഷനിൽ ലഭിച്ച തീയതിയും അതിന്മേൽ നമ്പർ നൽകി ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമാക്കിയ തീയതിയും എന്നാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നടപടിക്ക് എത്ര ദിവസം വേണ്ടിവന്നു; കാലതാമസമുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(എഫ്) ഒരു ജീവനക്കാരൻ മൂന്ന് ദിവസത്തിൽ കൂടുതൽ ദൈർഘ്യമുള്ള അവധിയിൽ പ്രവേശിച്ചാൽ പ്രസ്തുത സെക്ഷനിലെ തപാലുകൾ കൈകാര്യം ചെയ്യുന്നതിന് മറ്റ് ജീവനക്കാരെ നിയോഗിക്കാൻ ഡി.എച്ച്.എസ്.-ൽ വ്യവസ്ഥയുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത കാലയളവിൽ പ്രസ്തുത സെക്ഷനിൽ ജീവനക്കാരനെ നിയോഗിക്കുവാൻ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരാണ്; ടിയാൾ അത് നിർവ്വഹിക്കാതിരുന്നതിനുള്ള കാരണം വിശദമാക്കുമോ; ഇതു സംബന്ധിച്ച് ടി ജീവനക്കാരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയോഗിച്ചിട്ടുണ്ട്.

(ബി) പി.എൽ.എ., പി.എൽ.ബി. സെക്ഷനുകളിലായി പ്രസ്തുതകാലയളവിൽ 125 തപാലുകൾ ലഭിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ഐറ്റം	പി.എൽ.എ.	പി.എൽ.ബി.
1	ഓർഡിനറി തപാൽ	42	19
2	രജിസ്റ്റേർഡ് തപാൽ	1	1
3	രജിസ്റ്റേർഡ് പാർസൽ	17	24
4	സ്പീഡ് പോസ്റ്റ്	6	6
5	മറ്റു വഴിയിലൂടെ കിട്ടിയത്	5	4
	ആകെ	71	54

ഇത് കൂടാതെ മറ്റ് 10 സെക്ഷനുകളിലെ തപാലുകളും പ്രസ്തുത സീറ്റിൽ കൈകാര്യം ചെയ്തിട്ടുണ്ട്.

(സി) എല്ലാ പ്രവൃത്തി ദിവസങ്ങളിലും തപാലുകൾ ലഭിക്കുന്നതാണ്. പി.എൽ.എ., പി.എൽ.ബി. സെക്ഷനുകളിൽ അവ തപാൽ ബുക്ക് വഴി കൊടുത്ത തീയതി ചുവടെ ചേർക്കുന്നു:

സെക്ഷൻ	തീയതി	തപാലുകളുടെ എണ്ണം
പി.എൽ.എ.	9-9-2015	29
	16-9-2015	7
	17-9-2015	1
	30-9-2015	34
പി.എൽ.ബി.	3-9-2015	7
	16-9-2015	15
	17-9-2015	1
	18-9-2015	19
	22-9-2015	5
	30-9-2015	7

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത തപാൽ ആരോഗ്യ വകുപ്പിലെ തപാൽ സെക്ഷനിൽ 11-9-2015-നാണ് ലഭിച്ചത്. ടി തപാൽ പി.എൽ.എ. സെക്ഷനിൽ 17-9-2015-ന് തപാൽ രജിസ്റ്ററിൽ രേഖപ്പെടുത്തി നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത നടപടിക്ക് ആറു ദിവസം വേണ്ടിവന്നു. ബന്ധപ്പെട്ട ക്ലാർക്ക് പ്രത്യേക ആകസ്മിക അവധിയിലായിരുന്നതുകൊണ്ടാണ് കാലതാമസം നേരിട്ടത്. പ്ലാനിംഗ് സെക്ഷന്റെയും പാർസൽ കൈകാര്യം ചെയ്തിരുന്ന സെക്ഷന്റെയും അധിക ജോലികൾ ചെയ്യുവാൻ സെക്ഷൻ സൂപ്രണ്ട് പ്രത്യേക സംവിധാനം ഒരുക്കിയിരുന്നു. എന്നാൽ രണ്ടു സെക്ഷനുകളിലേയും അധിക ജോലി മറ്റുള്ളവർക്ക് ചെയ്യാൻ കഴിയുന്നതിലും അപ്പുറമായിരുന്നു.

(എഫ്) വ്യവസ്ഥയുണ്ട്.

(ജി) ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിയമനാധികാരി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ്. പ്രസ്തുത സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരി സ്പോർട്ട്സ് മീറ്റിന് പോയിരുന്നതിനാൽ പ്രത്യേക ആകസ്മിക അവധിയിലായിരുന്നു. കൂടാതെ, തപാൽ സെക്ഷനിലെ രജിസ്റ്റേർഡ് പാഴ്സൽ, തപാലുകൾ എന്നിവ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരിയെ മറ്റ് സെക്ഷനിലേക്ക് മാറ്റുകയും ചെയ്തിരുന്നു. അവധിയിലായിരുന്ന ജീവനക്കാരുടെ ജോലികൾ ചെയ്യുവാൻ സെക്ഷൻ സൂപ്രണ്ട് പ്രത്യേക സംവിധാനം ഒരുക്കിയിരുന്നു. എന്നാൽ ഈ രണ്ടു സീറ്റുകളിലേയും അധിക ജോലി മറ്റുള്ളവർക്ക് ചെയ്യുവാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ നൽകിയവർ സർവ്വീസിൽ പ്രവേശിക്കാൻ കാലതാമസം നേരിട്ടതിനാൽ ആവശ്യത്തിന് ജീവനക്കാരെ ഡയറക്ടറേറ്റിൽ ലഭ്യമല്ലാതിരുന്നതുകൊണ്ടാണ് തപാൽ സെക്ഷനിൽ ഒഴിവുള്ള സീറ്റുകളിൽ പകരം ജീവനക്കാരെ നിയോഗിക്കുവാൻ താമസം നേരിട്ടത്. ഇതുകാരണം ആരോഗ്യ വകുപ്പിലെ തപാൽ സെക്ഷനിൽ ചെറിയ ഒരു കാലയളവിൽ തപാൽ വിതരണം നിശ്ചിത സമയത്തിനുള്ളിൽ നടത്താൻ കഴിയാതെ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly